## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3106

03.04.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റും എല്ലാ ജില്ലകളിലെയും കളക്ടറേറ്റുകളിൽ ന്യൂനപക്ഷ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പിന്നോക്കാവസ്ഥ പരിഹരിച്ച് അവരുടെ ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം ഉറപ്പുവരുത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം. |
| (സി) | ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിനെ എങ്ങനെ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളും, ഹജ്ജ്, വഖഫ് എന്നിവയും ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ